പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4732** **05. 02. 2014** - ലെ മറുപടി

<u>പ്രവാസി ക്ഷേമ പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ. ദാസൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് നാട്ടുകളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്നവർക്ക് എൻ. ഡി. പി. ആർ. ഇ. എം വഴി എന്തെല്ലാം സഹായ നടപടികളാണ് നടപ്പാലാക്കിയിട്ടുള്ളത് ; | (എ) തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് മൂലധന സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുകയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പൊതുമേഖലാ ബാങ്കുകൾ, കെ.എഫ്.സി, കെ. എസ്. എഫ്. ഇ., കെ. എസ്. ഐ. ഡി. സി., എന്നി സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പരമാവധി 20 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് 10% മൂലധന സബ്സിഡി നൽകാനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. വായ്പ നൽകുന്ന ധനകാര്യ സ്ഥാപനം മുഖേന 'ബാക്ക് എന്റ് ' സബ്സിഡിയായിട്ടാണ് ആനുകൂല്യം സംരംഭകന് വിതരണം ചെയ്യുന്നത്. പദ്ധതിയുടെ ആനുകൂല്യങ്ങൾക്കായി നോർക്ക റൂട്ട്സ് അപേക്ഷ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകളിന്മേലുള്ള തുടർനടപടികൾ അന്തിമഘട്ടത്തിലാണ്. |

തുടർച്ച..............

(ബി) 2014 - 15 ൽ പ്രവാസി ക്ഷേമത്തിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ?

(ബി) 2014 - 15 ൽ പ്രവാസി ക്ഷേമത്തിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ

| ക്രമ നം. | പദ്ധതികൾ | വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കൽ | 25 |
| 2 | പ്രമുഖരായ പ്രവാസി മലയാളികളുടെ ഡാറ്റാബേസ് തയ്യാറാക്കൽ | 50 |
| 3 | പ്രവാസി മലയാളികളെ അടിയന്തിര സാഹചര്യത്തിൽ തിരിച്ചുകൊണ്ടുവരാനുള്ള നിധി | 20 |
| 4 | പ്രവാസി മലയാളി ക്ഷേമ ഏജൻസിയുടെ ന്യൂ ഡൽഹി, കൊച്ചി ,കോഴിക്കോട് എന്നിവിടങ്ങളിലെ സെല്ലിനുള്ള ചെലവ് | 16 |
| 5 | പ്രവാസി മലയാളി ക്ഷേമ വകുപ്പ് | 100 |
| 6 | റിക്രൂട്ട്മെന്റുകൾക്കും വിസ പരിശോധനയ്ക്കുമുള്ള ബോധവൽക്കരണ പരിപാടി | 60 |
| 7 | പ്രവാസി ക്ഷേമനിധി | 1 |
| 8 | സ്കിൽ അപ്ഗ്രഡേഷൻ & റീ ഇന്റഗ്രേഷൻ ട്രെയിനിംഗ് ഫോർ എൻ.ആർ.കെ. | 200 |
| 9 | നോർക്ക വകുപ്പിന് കീഴിലുള്ള സാന്ത്വന പദ്ധതി | 300 |
| 10 | വിദേശരാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർക്കുള്ള ബോധവൽക്കരണം | 35 |
| 11 | പ്രവാസി നിയമ സഹായ സെൽ | 400 |
| 12 | 24 മണിക്കൂർ ഹെൽപ്പ് ലൈൻ/ കാൾ സെന്റർ. | 32 |

| | | |
|---|---|---|
| 13 | ജോബ് പോർട്ടൽ | 30 |
| 14 | പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി ചെന്നൈ, ബംഗലൂരു, ബറോഡ എന്നിവിടങ്ങളിൽ നോർക്ക റൂട്ട്സ് ഓഫീസ് സ്ഥാപിക്കൽ | 40 |
| 15 | മടങ്ങിവന്ന കുടിയേറ്റക്കാരുടെ പുനരധിവാസം | 500 |
| 16 | നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ | 100 |
| 17 | സ്വപ്ന സാഫല്യം പദ്ധതി | 50 |
| 18 | നോർക്ക സെന്റർ കെട്ടിടം നിർമ്മിക്കൽ | 25 |
| | **ആകെ** | **1984** |

ഇതിനു പുറമെ പ്രവാസി പുനരധിവാസ പദ്ധതിക്കായി 2014 – 15 ലെ ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

V.Beena

സെക്ഷൻ ഓഫീസർ